"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>**സംഗ്രഹം**</u>

പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് - കേരള ലോക് ഭവൻ - ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ (Deputation) നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്**

സ.ഉ.(സാധാ) നം.4859/2026/GAD തീയതി,തിരുവനന്തപുരം, 18-09-2026

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 293/2017/പൊ.ഭ.വ. തീയതി 16.09.2017.
2. പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പിന്റെ 22.06.2026-ലെ പ്രോ 2ബി/52/2026-പൊ.ഭ.വ. നമ്പർ പരിപത്രം.
3. പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പിന്റെ 21.07.2026-ലെ പ്രോ 2ബി/52/2026-പൊ.ഭ.വ. നമ്പർ കത്ത്.
4. ബഹു. ഗവർണറുടെ സെക്രട്ടറിയുടെ 30.07.2026-ലെ KRB/1105/2025-GSO1 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കേരള ലോക് ഭവൻ ഗവർണേഴ്സ് സെക്രട്ടറിയേറ്റ് എസ്റ്റാബ്ലിഷ്മെന്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അന്യത്രസേവന വ്യവസ്ഥയിൽ നികത്തുന്നതിനായി സൂചന (2) സർക്കുലർ പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും, ലഭ്യമായ അപേക്ഷകളുടെ പാനൽ സൂചന (3) കത്ത് പ്രകാരം ലോക് ഭവൻ അധികൃതർക്ക് കൈമാറുകയും ചെയ്തിരുന്നു.

(2) പ്രസ്തുത പാനലിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, താഴെ പട്ടികയിൽ വിവരിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ സേവനമനുഷ്ഠിച്ച് വരുന്ന 4 (നാല്) ഓഫീസ് അറ്റൻഡന്റുമാരെ, കേരള ലോക് ഭവനിലെ ഗവർണേഴ്സ് സെക്രട്ടറിയേറ്റ് എസ്റ്റാബ്ലിഷ്മെന്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി അന്യത്രസേവന വ്യവസ്ഥയിൽ (Deputation) നിയമിക്കണമെന്ന് സൂചന (4) പ്രകാരം ബഹു. ഗവർണറുടെ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

| ക്ര. നം | അപേക്ഷകന്റെ പേര് | തസ്തിക | മാതൃ വകുപ്പ് |
|---|---|---|---|
| 1 | ശ്രീ നന്ദു കൃഷ്ണൻ എം | ഓഫീസ് അറ്റൻഡന്റ് | ജോയിന്റ് ഡയറക്ടറുടെ കാര്യലയം തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ |
| | | | |

| | | | |
|---|---|---|---|
| 2 | ശ്രീ സന്ദീപ് എസ് പി | ഓഫീസ് അറ്റൻഡന്റ് | നഗരസഭ<br>കായംകുളം, ആലപ്പുഴ |
| 3 | ശ്രീ അഖിൽജിത്ത് ജെ ബി | ഓഫീസ് അറ്റൻഡന്റ് | നഗരസഭ<br>പരവൂർ, കൊല്ലം |
| 4 | ശ്രീ മനോജ് കുമാർ എം | ഓഫീസ് അറ്റൻഡന്റ് | ഗ്രാമ പഞ്ചായത്ത്,<br>ഉദയംപേരൂർ, എറണാകുളം |

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ പട്ടികയിൽ വിവരിച്ചിരിക്കുന്ന 4 (നാല്) ഓഫീസ് അറ്റൻഡന്റുമാരെ, കേരള ലോക് ഭവനിലെ ഗവർണേഴ്സ് സെക്രട്ടറിയേറ്റ് എസ്റ്റാബ്ലിഷ്മെന്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ നിലവിലുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി കേരള സർവീസ് ചട്ടങ്ങൾ (KSR Vol. I) ഭാഗം I-ലെ ചട്ടം 144 പ്രകാരം ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ (Deputation) നിയമിച്ച് ഉത്തരവാകുന്നു.

(4) ടി ഉദ്യോഗസ്ഥരെ ഉടൻ തന്നെ മാതൃ ഓഫീസുകളിൽ നിന്നും വിടുതൽ ചെയ്ത് കേരള ലോക് ഭവനിലെ ഗവർണേഴ്സ് സെക്രട്ടറിയേറ്റ് എസ്റ്റാബ്ലിഷ്മെന്റിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി നിർദ്ദേശം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ARAVIND B S
JOINT SECRETARY & STATE PROTOCOL OFFICER

1. ബഹു. ഗവർണറുടെ സെക്രട്ടറി, ലോക് ഭവൻ, കേരളം, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് (തൃശ്ശൂർ / ആലപ്പുഴ / കൊല്ലം / എറണാകുളം).
4. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ് / മാതൃ കാര്യാലയങ്ങൾ മുഖേന).
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
6. വിവര പ്രക്ഷേപണ പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
7. കരുതൽ ഫയൽ/കാര്യാലയ പകർപ്പ് (പ്രൊ2B/52/2026-GAD)

ഉത്തരവിൻ പ്രകാരം
Digitally signed by
Lijin B V
Date: 18-09-2026
17:41:23
സെക്ഷൻ ഓഫീസർ